# കേരള നിയമസഭ
## 19.03.2013-ലെ മറുപടിക്ക്

<u>കേന്ദ്രബഡ്ജറ്റിലെ നികുതിക്കണക്കുകൾ</u>

544 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റ് 28.02.2013-ൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതിവിഹിതത്തിൽ കുറവുകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷവും, അടുത്ത വർഷവും കുറവുകൾ അനുഭവപ്പെടുമെന്നു വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ഇനത്തിൽ നികുതികൾ ഈ വർഷവും, അടുത്ത വർഷവും കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്ര വീതം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.03.2013–ലെ മറുപടിക്ക്

<u>പദ്ധതി വിനിയോഗം സംബന്ധിച്ച്</u>

584 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012–2013 സാമ്പത്തിക വര്‍ഷം വാര്‍ഷിക പദ്ധതിയില്‍ ഉള്‍പ്പെടുത്തി കൂടുതല്‍ പദ്ധതി വിഹിതം വകയിരുത്തിയിട്ടുള്ള അന്‍പത് പദ്ധതികളുടെ പട്ടികയില്‍പ്പെട്ട ഓരോ പദ്ധതിയ്ക്കും ഇതിനകം എന്തു തുക വിനിയോഗിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ;

(ബി) വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 19.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

624 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തൃശൂർ ജില്ലയിൽ എത്ര പേർക്ക് നാളിതുവരെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്;

(ബി) അനുവദിക്കപ്പെട്ടവരുടെ പേരുവിവരവും ഓരോരുത്തർക്കും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

